പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം : 5103 02. 07. 2013 ൽ മറുപടിക്ക്

വൈക്കം നിയോജക മണ്ഡലത്തിൽ ലാഭപ്രഭ പദ്ധതി

ചോദ്യം

ഉത്തരം

ശ്രീ. കെ.അജിത്

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ലാഭപ്രഭ പദ്ധതിയിൽ വൈക്കം നിയോജക മണ്ഡലത്തിൽ വൈദ്യുതി ഉപഭോഗത്തിൽ എത്ര യൂണിറ്റ് കുറവ് വരുത്തിയെന്ന് കണക്ക് ലഭ്യമായിട്ടുണ്ടോ ; | (എ) | ലാഭപ്രഭയിൽ ചേർന്നവർ എത്ര യൂണിറ്റ് മൊത്തം ലാഭിച്ചു എന്നതിന്റെ കണക്ക് ഔദ്യോഗികമായി ബില്ലിംഗിലൂടെ തിട്ടപ്പെടുത്തിവരുന്നതേയുള്ളൂ. |
| (ബി) | ലാഭപ്രഭ പദ്ധതിയിൽ വൈക്കം നിയോജക മണ്ഡലത്തിൽ എത്ര സമ്മാനാർഹരെ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | ലാഭപ്രഭയിൽ ചേർന്നവരുടെ നിയമസഭാ നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല. എന്നാൽ വൈക്കം നിയോജക മണ്ഡലം ഉൾപ്പെടുന്ന കോട്ടയം ഇലക്ട്രിക്കൽ സർക്കിളിൽ നിന്നും 5233 പേർ ലാഭപ്രഭയിൽ ചേർന്നിട്ടുണ്ട്. ഈ പദ്ധതിയിൽ ചേർന്നവർ എത്ര യൂണിറ്റ് മൊത്തം ലാഭിച്ചു എന്നതിന്റെ കണക്ക് ഔദ്യോഗികമായി ബില്ലിംഗിലൂടെ തിട്ടപ്പെടുത്തിവരുന്നതേയുള്ളൂ. അന്തിമ വിലയിരുത്തലിനുശേഷമേ സമ്മാനാർഹരെ കണ്ടെത്താൻ സാധിക്കുകയുള്ളൂ. എന്നാൽ മെയ് 1 വരെ രജിസ്റ്റർ ചെയ്തവർക്ക് ഓരോ സി.എഫ്.എൽ വീതം നൽകിവരുന്നു. |
| (സി) | ലാഭപ്രഭ പദ്ധതി ഇനിയും തുടരുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ? | (സി) | ലാഭപ്രഭ പദ്ധതിയുടെ ഒന്നാം ഘട്ടം 2013 മാർച്ച് 23 ന് ആരംഭിച്ച് മെയ് 31 ന് സമാപിച്ചു. രണ്ടാം ഘട്ടത്തിന്റെ അന്തിമ രൂപം ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ